പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6174 | | 07.11.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| മാലിന്യ സംസ്കരണം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.കെ.ദാസൻ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനം മാലിന്യ മുക്തമാക്കാനായി മുൻസർക്കാർ (2011-2016) എന്ത് നടപടികളാണ് സ്വീകരിച്ചത്; എത്ര തുക പ്രസ്തുത പദ്ധതിയിൽ ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (എ) | 2011-16 വർഷങ്ങളിൽ ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി പൊതുമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ, നിലവിലുള്ള പ്ലാന്റുകളുടെ അറ്റകുറ്റപണി, ഗാർഹികതലത്തിൽ കമ്പോസ്റ്റിഗ് പ്ലാന്റുകൾ / ബയോഗ്യാസ് പ്ലാന്റുകൾ, കമ്മ്യൂണിറ്റിതല മാലിന്യസംസ്ക്കരണ സംവിധാനങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്നതിനായി സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നു. കൂടാതെ അറവ്ശാല നിർമ്മാണം അഥവാ നവീകരണത്തിനും ക്രിമിറ്റോറിയം നിർമ്മാണത്തിനും പ്രോത്സാഹനം നൽകിയിട്ടുണ്ട്. പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനും, കൊച്ചിയിൽ വേസ്റ്റ് ടു എനർജി പ്രോജക്ട് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിരുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തംനിലയിലും പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. ശുചിത്വ മിഷൻ മുഖേന 2011 മുതൽ 2016 വരെ 580 ഗ്രാമപഞ്ചായത്തുകൾക്കും 64 മുൻസിപ്പാലിറ്റികൾക്കുമായി 90.53 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. (വിശദവിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്) കൂടാതെ 344 ഗ്രാമപഞ്ചായത്തുകൾ കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ) വഴി 14.35 കോടി രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അതുപോലെ ജനങ്ങളിൽ അനുകൂല മനോഭാവവും ശീലവും സൃഷ്ടിക്കുന്നതിനായി വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങളും സംഘടിപ്പിച്ചിരുന്നു. ഇതിലേക്കായി 146.74 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത കാലയളവിൽ മാലിന്യ സംസ്കരണത്തിനായി ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; എത്ര തുക ഓരോ വർഷവും ചെലവഴിച്ചു; ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനത്തിനും എത്ര തുക വീതം നൽകി; ഓരോ | (ബി) | 2011-12 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ നൽകുന്നു.<br>1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിനാവശ്യമായ മാലിന്യ സംസ്ക്കരണ പ്രോജക്ടുകൾ (ഗാർഹികം, സ്ഥാപനം, കമ്മ്യൂണിറ്റിതലം). |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

| | | | |
|---|---|---|---|
| | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും എത്ര തുക ചെലവഴിച്ചു; വിശദമായി ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | | 2. സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മേജർ മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ നവീകരിക്കുന്നതിനുള്ള പ്രോജക്ടുകൾ.<br>3. മൺസൂൺ കാലത്ത് കേരളത്തിൽ പകർച്ച വ്യാധികൾ പടർന്ന് വ്യാപിക്കാതിരിക്കാൻ പ്രീമൺസൂൺ ക്ലീനിംഗ്.<br>4. 33 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡ് ചെയ്യാനുള്ള ഷ്രെഡിംഗ് യൂണിറ്റുകൾ.<br>5. കൂടാതെ അറവുശാല നിർമ്മാണത്തിനായി 24 മുനിസിപ്പാലിറ്റികൾക്കും 18 ഗ്രാമപഞ്ചായത്തുകൾക്കും സാങ്കേതിക അംഗീകാരം നൽകിയിട്ടുമുണ്ട്. |
| (സി) | പ്രസ്തുത കാലയളവിൽ മാലിന്യ സംസ്കരണ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കിയിട്ടില്ലാത്ത തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഏതെല്ലാം എന്നത് വിലയിരുത്തിയിട്ടുണ്ടോ; | (സി) | പൊതുമോണിട്ടറിങ്ങ് നടത്തിവരുന്നു. പ്രത്യേക വിലയിരുത്തൽ നടത്തിയിട്ടില്ല. |
| (ഡി) | മാലിന്യ സംസ്കരണം ഉറപ്പാക്കി സംസ്ഥാനം മാലിന്യ മുക്തമാക്കുവാൻ ഈ സർക്കാർ ആവിഷ്കരിച്ച കർമ്മ പരിപാടികൾ എന്തെല്ലാം? | (ഡി) | ശുചിത്വം - മാലിന്യ സംസ്ക്കരണം, കൃഷി വികസനം, ജലസംരക്ഷണം എന്നീ മൂന്ന് മേഖലയിൽ ഊന്നൽ നൽകുന്ന ഹരിതകേരളം പദ്ധതി ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാനാണ് പ്രാമുഖ്യം നൽകുന്നത്. കേരളത്തിന്റെ സമഗ്രവികസനത്തിനു വേണ്ടി ഹരിതകേരളം പദ്ധതി അഞ്ചുവർഷംകൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ സ.ഉ.(പി) നം.41/2016/ആ.സ.വ തീയതി.28-09-2016 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ